**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2869** **07.02.2018- ൽ മറുപടിക്ക്**

## കണ്ണൂർ വിമാനത്താവള അനുബന്ധ റോഡ് വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സണ്ണി ജോസഫ്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| കണ്ണൂർ വിമാനത്താവള അനുബന്ധ റോഡുകൾ ഏതെല്ലാം; ആയതിന്റെ നിർമാണ പുരോഗതി വ്യക്തമാക്കാമോ; റോഡിന്റെ വീതി എത്രയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ? | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ കണക്ടിവിറ്റി പാക്കേജായി 6 റോഡുകൾ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് അംഗീകാരമായിട്ടുണ്ട്.<br>1. തലശ്ശേരി - കൊടുവള്ളി - മമ്പറം - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡ് (24.50 കി.മി). ടി പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാനുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ അംഗീകരിച്ച പാതയുടെ സബ് സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും നടന്നുവരുന്നു.<br>2. കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ -മേക്കുന്ന് പാനൂർ - പൂക്കോട് – കൂത്തുപറമ്പ്-മട്ടന്നൂർ റോഡ് (53.15 കി.മി) - ടി റോഡിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>3. മാനന്തവാടി - ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം - മട്ടന്നൂർ റോഡ് (63.50 കി.മി) - ടി റോഡിന്റെ വനഭൂമി ഒഴികെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനാണ് അംഗീകാരം നൽകിയത്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>4. കൂട്ടുപുഴപാലം - ഇരിട്ടി - മട്ടന്നൂർ - വായന്തോട് റോഡ് (32.00 കി.മി) - പ്രസ്തുത റോഡ് നിർദ്ദിഷ്ട ദേശീയപാതയായതിനാൽ ദേശീയപാതാ വിഭാഗത്തിനു കീഴിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിവരുന്നുണ്ട്. |

5. മേലെ ചൊവ്വ – ചാലോട് - വായന്തോട് - മട്ടന്നൂർ - എയർപോർട്ട് റോഡ് (26.30 കി.മി) -പ്രസ്തുത റോഡ് നിർദ്ദിഷ്ട ദേശീയപാതയായതിനാൽ ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിവരുന്നുണ്ട്.
6. തളിപ്പറമ്പ - ചെറക്കള – നണിശ്ശേരിക്കടവ് പാലം - മയ്യിൽ - ചാലോട് റോഡ് (27.20 കി.മി) - പ്രസ്തുത റോഡ് രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ അംഗീകാരമായിട്ടുണ്ട്.

നിർദ്ദിഷ്ട ദേശീയപാതകളായ ക്രമ നം. 4, 5 എന്നീ റോഡുകൾ 2 വരിപ്പാതയായി വികസിപ്പിക്കുന്നതിനുവേണ്ട വിദഗ്ധ പഠനമാണ് പുരോഗമിച്ചുവരുന്നത്. പ്രസ്തുത പാതകൾ 4 വരിയിൽ വികസിപ്പിക്കുന്നതിന് കേന്ദ്ര മന്ത്രാലയത്തിന് ശിപാർശ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

സെക്ഷൻ ഓഫീസർ